**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1183** **07-12-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ വിതരണശേഷി വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2018-19-ലെ കിഫ്ബി പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന അമ്പലപ്പുഴ-ആലപ്പുഴ മണ്ഡലങ്ങളിൽപ്പെടുന്ന ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ വിതരണശേഷി വർദ്ധിപ്പിക്കലും ആധുനികവൽക്കരണവും എന്ന പദ്ധതിയിൽ അമ്പലപ്പുഴ മണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | (എ) | **ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ - ആലപ്പുഴ നിയോജക മണ്ഡലങ്ങളിലായി 211.71 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ചന്ദനക്കാവ്, ചുടുകാട് എന്നിവിടങ്ങളിൽ യാഥാക്രമം 12, 16 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണികളുടെ നിർമ്മാണവും, ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ അമ്പലപ്പുഴ മണ്ഡലത്തിലെ 25, 30, 31 മുതൽ 44 വരെയുള്ള വാർഡുകളിലായി 157കി.മി ജലവിതരണ ശൃംഖലയുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.** |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് മാത്രമായി എത്ര രൂപയാണ് ആകെ ചെലവ് പ്രതീക്ഷിക്കുന്നത് പ്രസ്തുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | **പ്രസ്തുത പദ്ധതിയിൽ ചന്ദനക്കാവ്, ചുടുകാട് ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി 12.26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്തിരിക്കുകയാണ്. അമ്പലപ്പുഴ മണ്ഡലത്തിലെ 25, 30, 31 മുതൽ 44 വരെയുള്ള വാർഡുകളിലായി 157 കി.മി ജലവിതരണ ശൃംഖലയുടെ പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾക്കായി 63 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് വേണ്ടി പുതുക്കിയ ഫണ്ടിംഗ് അനുമതി കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ